**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2473** **27-02-2023 - ൽ മറുപടിയ്ക്ക്**

**ഡിസൈൻ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തിന്റെ ഭാവി സർഗ്ഗാത്മക സമ്പദ് വ്യവസ്ഥയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | രാജ്യത്തിന്റെ ഭാവി സർഗ്ഗാത്മക സമ്പദ്-വ്യവസ്ഥയിലാണ് എന്ന് തിരിച്ചറിഞ്ഞുകൊണ്ട് അത്തരം ആശയങ്ങളെ പ്രോത്സാഹി പ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. സംരംഭകത്വത്തിലേക്ക് പുത്തൻ കാഴ്ചപ്പാടുള്ള യുവജനങ്ങളെ ആകർഷിക്കുന്നതിനും അവരെ അതിന് പ്രാപ്തരാക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് സംരംഭക വികസന ക്ലബുകൾ രൂപീകരിച്ചിട്ടുണ്ട്. നൂതന ഉത്പാദന ആശയം ഉള്ള സംരംഭങ്ങളെ പ്രോൽസാഹിപ്പി ക്കുന്നതിനായി മാർക്കറ്റിങ്ങ് സ്റ്റാർട്ടപ്പ് പദ്ധതി തയ്യാറായിട്ടുണ്ട്. സംരംഭകത്വത്തിലെ നൂതന ആശയങ്ങൾ കണ്ടെത്തുന്നതിനും അവ പ്രോത്സാഹിപ്പിച്ച് ഫലപ്രാപ്തിയിൽ എത്തിക്കുന്നതിനുമായി ഡ്രീംവെസ്റ്റർ മത്സരവും നടത്തി വരുന്നുണ്ട്. |
| (ബി) | ഇതിന്റെ സാദ്ധ്യതകൾ വിനിയോഗിക്കാൻ കേരളത്തെ ഡിസൈൻ ഹബ്ബാക്കി മാറ്റാനുള്ള ഡിസൈൻ നയം രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളത്തെ ഡിസൈൻ ഹബ്ബാക്കി മാറ്റാനുള്ള ഡിസൈൻ നയം രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടില്ല. എങ്കിലും ഇവ മുന്നിൽ കണ്ടുകൊണ്ട് ഇതിനുള്ള നിർദ്ദേശങ്ങൾ കരട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഡിസൈൻ മേഖലയെ മെയ്ഡ് ഇൻ കേരള ബ്രാൻഡുമായി ബന്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് പുത്തൻ വിപണന അവസരങ്ങൾ ലഭിക്കുന്നതിനും അതുവഴി സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള ഉപഭോക്താക്കൾക്ക് നിലവാരമുള്ള ഉത്പന്നങ്ങൾ ലഭിക്കുന്നത് സുഗമമാക്കുന്നതിനുമാണ് മെയ്ഡ് ഇൻ കേരള ബ്രാൻഡിങ്ങ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതിയിൽ നിലവിൽ ഡിസൈൻ സംബന്ധിച്ച വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഭാവിയിൽ |

| | | | |
|---|---|---|---|
| | | | ഉചിതമെന്ന് കാണുന്ന പക്ഷം ഉൾപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ